ഓരോ ഫിലോസഫി തസ്തിക മാറ്റം ചെയ്തത് 1984-85-ൽ സൈക്കോളജി ആക്കിയിട്ടുണ്ട്. എന്നാൽ ഇനി ഫിലോസഫിയിലുണ്ടാകുന്ന ഒഴിവുകൾ സൈക്കോളജിയായിട്ടു മാറ്റുന്നത് ഒ.പി. നമ്പർ 2798/85, 4752/85 എന്നീ പെറ്റീഷൻസിന് തീരുമാനമായിട്ടു മതി എന്ന് ഹൈക്കോടതി വിലക്കിയിരിക്കുകയാണ്. ഈ സാഹചര്യത്തിൻ ഹൈക്കോടതിയിൽനിന്നും തീരുമാനമായതിനുശേഷം മാത്രമേ സ്ഥലംമാറ്റ ഉത്തരവ് നടപ്പാക്കി പുതിയ നിയമനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

മിശ്രവിവാഹിതരായ കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാറ്റം

80. [129] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിശ്രവിവാഹിതരായ കോളേജ് അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകുമ്പോൾ അവർ ആവശ്യപ്പെടുന്ന സ്ഥലത്തുതന്നെ നൽകണമെന്ന് എന്തെങ്കിലും ഉത്തരവു നിലവിലുണ്ടോ ;

(ബി) മിശ്രവിവാഹിതരായ കോളേജ് അദ്ധ്യാപക ദമ്പതികളെ ഒരേ സ്ഥലത്തുതന്നെ നിയമിക്കണമെന്നാണോ, അതോ അവർ ആവശ്യപ്പെടുന്ന സ്ഥലത്തുതന്നെ നിയമിക്കണമെന്നാണോ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ തിരുവനന്തപുരത്തുള്ള കോളേജുകളിൽ എത്ര മിശ്രവിവാഹിതരായ ദമ്പതികൾ ജോലിനോക്കിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവരുടെ സ്ഥലംമാറ്റ കാര്യത്തിൽ അഞ്ചുവർഷം മലബാറിൽ സേവനമനുഷ്ഠിക്കണമെന്ന നിബന്ധന പാലിക്കാറുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(എഫ്) അഞ്ചുവർഷം മലബാർസേവനം പൂർത്തിയാക്കിയിട്ടുള്ള കോളേജ് അദ്ധ്യാപകർ സ്ഥലംമാറ്റത്തിനപേക്ഷിക്കുമ്പോൾ മിശ്രവിവാഹിതരായവരെ മാറ്റാൻ പാടുകയില്ലെന്ന കാരണം പറഞ്ഞ് ആരുടെയെങ്കിലും സ്ഥലംമാറ്റം നിഷേധിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ആരുടെയെല്ലാം എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരേ സ്ഥലത്തുതന്നെ നിയമിക്കണമെന്ന നിർദ്ദേശം നിലവിലുണ്ട്.

(സി) 17 മിശ്രവിവാഹിതർ. ഇതിൽ 5 ദമ്പതിമാരും ഉൾപ്പെടുന്നു.

(ഡി) ഇല്ല.

(ഇ) മിശ്രവിവാഹ ദമ്പതികൾക്കുള്ള ആനുകൂല്യം എന്ന നിലയിൽ.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

Scholarships granted to Anglo Indian students during 1985-86.

81. [130] Sri. Stephen Padua: Will the Education Minister be pleased to state :

LIBRARY ARCHIVES Kerala Legislative Assembly

The number of Anglo Indian students in Upper Primary and High School classes who are recipients of scholarships during 1985-86 granted as per G.O. (Ms.) 161/85/G1. Edn. dt. 24-7-1985.

Answer

Upper Primary Classes	:	9
High School Classes	:	8
Total		17

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തസ്തിക

82. [131] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയുന്നതു ശരിയാണോ ; എങ്കിൽ എന്നുമുതൽ ;

(ബി) ഇതിനു കാരണം എന്താണെന്നു വ്യക്തമാക്കാമോ ;

(സി) പുതിയ ഡയറക്ടറെ നിയമിക്കുന്നതിനു വേണ്ട നടപടികൾ ഉടനെ സ്വീകരിക്കുവാൻ സർക്കാർ നടപടികളെടുക്കുമോ ?

ഉത്തരം

(എ, ബി & സി) കോളേജ് വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ ഗംഗാധരനെ മറ്റൊരു തസ്തികയിൽ നിയമിച്ചതുകൊണ്ട് 20-12-1985 മുതൽ ഡയറക്ടറുടെ ചുമതലകൾ അഡീഷണൽ ഡയറക്ടർ നിർവഹിക്കുന്നു. അധികം താമസിക്കാതെ പുതിയ ഡയറക്ടറെ നിയമിക്കുന്നതാണ്.

പട്ടിക വർഗ്ഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ സ്ഥലം മാറ്റം

83. [132] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂൾ അദ്ധ്യാപകരായ എല്ലാപേർക്കും മലബാർ സർവ്വീസ് നിർബന്ധിതമാണോ ; ആണെങ്കിൽ എത്ര വർഷം ;

(ബി) അഞ്ച് വർഷത്തിലധികം മലബാർ സർവ്വീസ് ഉള്ളതും പട്ടിക ജാതി പട്ടികവർഗ്ഗക്കാരായതുമായ എത്ര ഹൈസ്കൂൾ അസിസ്റ്റന്റുമാരെ ഈ അദ്ധ്യയനവർഷത്തിൽ കാസർകോടുജില്ലയിൽനിന്ന് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട് ;

(സി) അതിൽ എത്ര ഹിന്ദി അദ്ധ്യാപകർ ഉണ്ട് ;

(ഡി) സംസ്ഥാന സർവ്വീസിലുള്ള വിവാഹിതരായ ദമ്പതികൾക്ക് ഒരേ സ്ഥലത്തേക്ക് സ്ഥലം മാറ്റം നല്കുന്നതിന് ഉതകുന്ന ഗവൺമെന്റ് ഉത്തരവുകൾ നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൽ സ്ഥലമാറ്റകാര്യത്തിൽ പട്ടികജാതി വിഭാഗത്തിന് മുൻഗണന നല്കുന്ന ഉത്തരവ് ഉണ്ടോ ;

(എഫ്) അതനുസരിച്ച് ഏതെങ്കിലും ഹൈസ്കൂൾ അദ്ധ്യാപകർക്ക് ഈ അദ്ധ്യയനവർഷം തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം നല്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly